(സി) മേൽപ്പറഞ്ഞ 88000 രൂപയിൽ സെൻട്രൽ കോർപസിനുള്ള വാർഷിക സംഭാവനയായി 25000 രൂപയും ബാക്കിയുള്ള 63000 രൂപ 35 വിദ്യാഭ്യാസ ജില്ലകളിലെ (സംസ്ഥാനതല ആഘോഷം നടക്കുന്ന ജില്ല ഒഴിച്ച്) അദ്ധ്യാപകദിനാഘോഷങ്ങൾക്കായും ചെലവഴിച്ചു.

മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകുന്ന സ്കോളർഷിപ്പിലെ കുടിശ്ശിക

97 [696] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഒരു കുട്ടിയ്ക്ക് എത്ര തുക വച്ചാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതുകാലം മുതലുള്ള സ്കോളർഷിപ്പ് വിതരണത്തിലാണ് കുടിശ്ശിക വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഇ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ പെരുവയൽ പഞ്ചായത്തിലെ പെരിങ്ങളം ഗവ. ഹൈസ്ക്കൂളിൽ ഈ സ്കോളർഷിപ്പ് അവസാനമായി വിതരണം ചെയ്തത് എന്നാണ്;

(എഫ്) തുടർന്ന് വിതരണം ചെയ്യാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ജി) ഈ സ്ക്കൂളിലെ കുടിശ്ശിക വിതരണം എന്ന് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) മുസ്ലീം വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഐ) ഉണ്ടെങ്കിൽ ഇത് എന്നുമുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) യു.പി. സ്ക്കൂളിലെ കുട്ടിയ്ക്ക് 75 രൂപയും ഹൈസ്ക്കൂളിലെ കുട്ടിയ്ക്ക് 100 രൂപയുമാണ് പ്രതിവർഷം നൽകുന്നത്.

(സി) ഉണ്ട്.

(ഡി) ചില ജില്ലകളിൽ 2001 മുതൽ കുടിശ്ശികയുണ്ട്.

(ഇ) 1999-2000-ലാണ് അവസാനമായി സ്കോളർഷിപ്പ് വിതരണം ചെയ്തത്. 2000-2001 മുതൽ കുടിശ്ശികയുണ്ട്.

2/2308/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പെരിങ്ങളം ഗവ. ഹൈസ്ക്കൂളിലെ പ്രധാനാദ്ധ്യാപകൻ സ്കോളർഷിപ്പ് ബില്ല് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നൽകാതെ നേരിട്ട് പഞ്ചായത്തിന് സമർപ്പിച്ചത് കാരണമാണ് ഫണ്ട് ലഭിച്ചിട്ടും സ്കോളർഷിപ്പ് വിതരണം നടത്താൻ കഴിയാതിരുന്നത്.

(ജി) ബില്ല് ജില്ലാ പഞ്ചായത്തിൽനിന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. അത് പാസ്സാക്കി ജില്ലാ പഞ്ചായത്താഫീസിലേക്ക് വീണ്ടും അയച്ച് ഫണ്ട് ലഭ്യമാക്കി വിതരണം നടത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(എച്ച്) ആന്റ് (ഐ) ഇപ്പോൾ ഉദ്ദേശമില്ല.

പുതിയ ഇന്റർ നാഷണൽ സ്ക്കൂളുകളും ഫീസ് ഘടനയും

98 [697] ശ്രീ. ഇ. എം. അഗസ്തി:

,, എ. സുജനപാൽ:

,, എം. മുരളി:

,, ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഇന്റർനാഷണൽ സ്ക്കൂളുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം;

(ബി) ഈ സ്ക്കൂളുകളിലേക്കുള്ള അഡ്മിഷൻ ലഭിക്കുന്നത് എപ്രകാരമാണ്;

(സി) ഈ സ്ക്കൂളുകളിലെ ഫീസ് ഘടന എപ്രകാരമാണെന്ന് വിശദീകരിക്കുമോ ;

(ഡി) കൂടുതൽ ഇന്റർനാഷണൽ സ്ക്കൂളുകൾക്ക് അനുമതി കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇവിടെ ഫീസ്ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ മുതൽ ഇ വരെ) സംസ്ഥാന ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ ഇന്റർനാഷണൽ സ്ക്കൂൾ എന്ന നിലയിൽ എവിടെയും സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നില്ല.

മുസ്ളീം വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള കാലതാമസം

99 [698] ശ്രീ. പി. കെ. അബ്ദുറബ്ബ്:

,, കെ. എൻ. എ. ഖാദർ:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly